**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 355** **04-10-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി ദെലീമ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഗുണഭോക്തൃ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; അപേക്ഷകളുടെ സൂക്ഷ്മ പരിശോധന, അന്തിമപട്ടിക എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 2020-21 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ 27.07.2020-ലെ സ.ഉ.(എം.എസ്) 112/2020/ത.സ്വ.ഭ.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി സൂക്ഷ്മപരിശോധന നടത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാവുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ ഭൂരഹിതർക്കും ഭവന രഹിതർക്കും മാന്യമായ പാർപ്പിടം എന്ന ലക്ഷ്യം എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ലഭ്യമായ അപേക്ഷകളിന്മേൽ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അഞ്ച് വർഷത്തിനുള്ളിൽ മുൻഗണനാ ക്രമത്തിൽ ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ